മി. സ്പീക്കർ : ഓർഡർ, ഓർഡർ.....(ബഹളം).....ശ്രദ്ധ ക്ഷണിക്കൽ, ശ്രീ. തമ്പാനൂർ രവി.....(ബഹളം).....പ്ലീസ്, പ്ലീസ്, പ്ലീസ് ബി സീറ്റഡ്.....(ബഹളം).....ശ്രീ. തമ്പാനൂർ രവി.....(ബഹളം).....

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഗവൺമെന്റിന്റെ പോലീസ് നയത്തിനെതിരെ മുദ്രാവാക്യം മുഴക്കിക്കൊണ്ട് മുൻനിരയിൽ നിലയുറപ്പിച്ചു.).....ബഹളം.....

മി. സ്പീക്കർ : ഒന്നു ശാന്തരാകൂ.....പ്ലീസ്.....സഭാനടപടികൾ നടത്തണ്ടേ?.....പ്ലീസ്. (ബഹളം).....സഭാനടപടികൾ നടത്താതിരിക്കാൻ പറ്റുമോ? പ്ലീസ്.....(ബഹളം).....സഹകരിക്കുക, ദയവുചെയ്ത് സഹകരിക്കുക.....(ബഹളം).....

അടിയന്തിരപ്രമേയങ്ങളുടെ അവതരണവേളയിൽ വികാര പ്രകടനങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. സഭാനടപടികൾ തുടർന്ന് കൊണ്ടുപോകുന്നതിന് സഹായകരമായ അന്തരീക്ഷം ദയവുചെയ്ത് സൃഷ്ടിക്കണം. വളരെ നേരമായിട്ട് കാത്തിരിക്കുകയാണ്. (ബഹളം).....പ്ലീസ്.....ഇന്ന് വളരെ പ്രധാനപ്പെട്ട നിയമനിർമ്മാണത്തിന്റെ ദിവസമാണ്. സഹകരണനിയമത്തെ സംബന്ധിച്ചുള്ള ചർച്ചകൾ ആരംഭിക്കുന്ന പ്രധാനപ്പെട്ട ദിവസമാണ് ഇന്ന്. ചർച്ചയ്ക്ക് മൂന്നുദിവസമുണ്ടെങ്കിലും ഇന്നാണ് ആരംഭിക്കുന്നത്. ഈ ബില്ലിന് ധാരാളം സമയം വേണമെന്ന് കണ്ടതുകൊണ്ടാണ് മൂന്നു ദിവസം ചർച്ചയ്ക്കായി തീരുമാനിച്ചത്. ഇന്നുള്ള സമയം പരമാവധി പ്രയോജനപ്പെടുത്തണം. രണ്ടു ഭാഗത്തുള്ളവരും ദയവുചെയ്ത് സഹകരിക്കണം. ഇത്രയുമായല്ലോ.....(ബഹളം)..... ആയിക്കോട്ടേ, ഇത്രയുമായല്ലോ....പ്ലീസ് (ബഹളം)....ഇതിനേക്കാൾ എന്താണ് ചെയ്യാൻ കഴിയുക. നിയമസഭയെ സംബന്ധിച്ചിടത്തോളം ഇതിനെക്കാൾ എന്താണ് ചെയ്യാൻ കഴിയുക. പ്ലീസ് (ബഹളം).....ദയവുചെയ്ത്.....പ്ലീസ്..... നിയമസഭയോട് സഹകരിക്കണമെന്ന് ചെയർ വീണ്ടും അപേക്ഷിക്കുകയാണ്. ദയവുചെയ്ത് സഹകരിക്കണം. (ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളി തുടർന്നുകൊണ്ടിരുന്നപ്പോൾ ശ്രദ്ധക്ഷണിക്കലിന് ശ്രീ. കെ.പി. രാജേന്ദ്രനെ ബഹുമാനപ്പെട്ട സ്പീക്കർ ക്ഷണിച്ചു.)

IV. ശ്രദ്ധ ക്ഷണിക്കൽ

(1) പൂട്ടിക്കിടക്കുന്ന വ്യവസായസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സഹായധനം നൽകേണ്ടതിന്റെ ആവശ്യകത

[10. a.m]

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, സംസ്ഥാനത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. തൊഴിലാളികളുടെ കുറ്റംകൊണ്ടല്ലാതെ കേരളത്തിൽ അടഞ്ഞുകിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ വളരെ ഗുരുതരമായ ഒരു വിഷയമായി മാറിക്കഴിഞ്ഞിരിക്കുന്നു. .....(ബഹളം)..... പല

LIBRARY ARCHIVES Kerala Legislative Assembly

കാരണങ്ങളാൽ ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു. ഈ മേഖലയിലെ തൊഴിലവസരങ്ങൾ ഗണ്യമായ തോതിൽ കുറഞ്ഞുവരുന്നു. തൊഴിൽരഹിതരായി മാറിക്കഴിഞ്ഞവരുടെ പ്രശ്നങ്ങളിലേയ്ക്ക് ഗവൺമെന്റിന്റേയും നാടിന്റേയും ശ്രദ്ധ ക്ഷണിക്കുകയാണ്. പുതിയ സഹസ്രാബ്ദം ഉയർത്തുന്ന വെല്ലുവിളി നേരിടാൻ ലോകമെമ്പാടുമുള്ള തൊഴിലാളി പ്രസ്ഥാനങ്ങൾ തയ്യാറെടുക്കുകയാണ്. ഇന്ന് തൊഴിലാളിവർഗ്ഗം പ്രക്ഷുബ്ധമായ ഒരു അന്തരീക്ഷത്തിലേക്ക് നീങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇരുളടഞ്ഞ ദിനങ്ങളാണ് ഇന്ന് തൊഴിലാളി വർഗ്ഗത്തെ കാത്തിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അറവുശാലയായി രാജ്യം മാറുന്നു. ഇൻഷ്വറൻസ് കമ്പനികൾ, ബാങ്കുകൾ, പ്രശസ്തമായ പൊതുമേഖലാസ്ഥാപനങ്ങൾ തുടങ്ങി ആ പട്ടിക നീണ്ടുപോവുകയാണ്. തൊഴിലാളികളെ കൂട്ടത്തോടെ പിരിച്ചുവിടുന്നു. വി.ആർ.എസ്. ഇപ്പോൾ കമ്പൽസറി റിട്ടയർമെന്റ് സ്കീമായി രൂപം പ്രാപിച്ചിരിക്കുകയാണ്. രാജ്യത്തിന്റെ തനതായ വ്യവസായങ്ങൾ, നിലംപൊത്തുന്ന സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ വേണ്ടിമാത്രം കേരളത്തിൽ നിന്ന് ഒരു മന്ത്രി ക്യാബിനറ്റ് പദവിയുടെ ചുമതല ഏറ്റിരിക്കുന്നു. ഇൻഡ്യയുടെ തൊഴിൽമേഖല കാവിപിടിപ്പിക്കാൻ മാത്രമല്ല അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പതാക പുതപ്പിക്കാനുമുള്ള ഹീനമായ ശ്രമങ്ങളാണ് കേന്ദ്രസർക്കാരിന്റെ നയത്തിൽ അനുഭവപ്പെടുന്നത്. ആർ.എസ്.എസ്. പ്രവർത്തകരാൽ ഇൻഡ്യയുടെ രണ്ടാം തൊഴിൽകാര്യ കമ്മിഷൻ കേന്ദ്ര തൊഴിലാളി സംഘടനാ പ്രതിനിധികളെ ഒഴിവാക്കിക്കൊണ്ട് രൂപംകൊണ്ടു. ബ്രിട്ടീഷുകാർ അനുവദിച്ച സംഘടനാ സ്വാതന്ത്ര്യംപോലും കേന്ദ്ര ഗവൺമെന്റ് നിഷേധിക്കാനും തൊഴിൽ തർക്ക നിയമത്തിൽ 25 (ഒ) എന്ന വകുപ്പു മാറ്റാനും നയങ്ങൾ സ്വീകരിക്കുമ്പോൾ സോഷ്യൽ ക്ലാസിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇൻഡ്യൻ ഉൽപ്പന്നങ്ങളെ ലോകകമ്പോളത്തിൽനിന്ന് പുറത്താക്കാനുള്ള ശ്രമങ്ങളാണ് ഡബ്ല്യു.റ്റി.ഒ. സ്വീകരിച്ചത്. ഈ സാഹചര്യം ഈ സഭ കക്ഷിരാഷ്ട്രീയത്തിനതീതമായി പരിഗണിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. കാരണം, കഴിഞ്ഞ സഹസ്രാബ്ദം ഇൻഡ്യയ്ക്ക് നൽകിയ അനശ്വരമായ രണ്ടു സംഭാവനകളുണ്ട്- ഒന്ന്, ഭാരതത്തിന്റെ ദേശീയ സ്വാതന്ത്ര്യം. രണ്ട്, വിപ്ലവ പ്രസ്ഥാന ചരിത്രത്തിന്റെ ഗതി തിരിച്ചുവിട്ട 1957-ലെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ. ഈ രണ്ടു സംഭവങ്ങളുടേയും അടിത്തറ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളായിരുന്നു. ആ വർഗ്ഗമാണ് പുതിയ സഹസ്രാബ്ദത്തിന്റെ വെല്ലുവിളികളുടെ മുമ്പിൽ എത്തിനിൽക്കുന്നത്. ലോകത്തിന് പൊതുവിലും ഇൻഡ്യയ്ക്ക് പ്രത്യേകിച്ചും മഹത്തായ പല മാതൃകകളും നൽകാൻ നമ്മുടെ സംസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ സഭ പാസ്സാക്കിയ പല നിയമങ്ങളും പ്രസ്താവനകളും പ്രഖ്യാപനങ്ങളും ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗത്തിന്റെ പ്രകാശ ഗോപുരങ്ങളായി മാറിയിട്ടുണ്ട്. ബോണസ്, ഗ്രാറ്റ്വിറ്റി, പ്രസവകാല ആനുകൂല്യങ്ങൾ, തൊഴിലാളി ക്ഷേമപദ്ധതികൾ തുടങ്ങി ജനോപകാരപ്രദമായ നിയമനിർമ്മാണങ്ങളുടെ ഈറ്റില്ലമാണ് നമ്മുടെ മഹത്തായ നിയമസഭ. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പല പാർട്ടികളും മുന്നണികളും കേന്ദ്രത്തിൽ അധികാരത്തിൽവന്നിട്ടും ഇൻഡ്യയിലെ പട്ടിണിപ്പാവങ്ങളായ കർഷകത്തൊഴിലാളികളുടെ ദേശീയ നയം ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുമ്പോൾ കേരളത്തിലെ കർഷകത്തൊഴിലാളികൾക്ക് സമഗ്രമായ ഒരു നിയമത്തിന്റെ പരിരക്ഷ ഈ സംസ്ഥാനത്ത് നൽകാൻ കഴിഞ്ഞുവെന്നത് അഭിമാനകരമായ ഒരു കാര്യമാണ്. നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം കേരളത്തിന്റെ വ്യാവ

LIBRARY ARCHIVES Kerala Legislative Assembly

സായിക വികസനമാണ്. വ്യവസായനയരൂപീകരണരംഗത്തുനിന്ന് തൊഴിലാളി സംഘടനകളെ പൂർണ്ണമായി ഒഴിവാക്കിയ സമീപനം ഈ സർക്കാരിന്റെ പ്രതിഛായയ്ക്ക് ഏറ്റ ഒരു പുഴുക്കുത്തായിരുന്നു.....(ബഹളം).....

(ഈ സമയം പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ട് സഭയുടെ നടുത്തളത്തിലേയ്ക്ക് ഇറങ്ങുകയും അതുകണ്ടു ഭരണകക്ഷിയിലെ പിൻനിരക്കാരും നടുത്തളത്തിലേയ്ക്ക് ഇറങ്ങവേ വാച്ച് ആന്റ് വാർഡ് ഇരുവിഭാഗത്തിന്റേയും മദ്ധ്യേ നിലയുറപ്പിക്കുകയും ചെയ്തു.)

മി. സ്പീക്കർ : സഭാനടപടികൾ അൽപ്പനേരത്തേയ്ക്ക് നിറുത്തിവയ്ക്കുന്നു.

(സഭാനടപടികൾ 10.10-ന് നിറുത്തിവയ്ക്കുകയും 10.55-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

[11.00 am]

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... സഭാനടപടികൾ വളരെയേറെ സമയം തടസ്സപ്പെട്ടിരിക്കുകയാണ്. സഭ തുടരാൻ കഴിയാത്ത അവസ്ഥയുണ്ടായി. ഇനി തുടർന്ന് സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് എല്ലാവരുടേയും പരിപൂർണ്ണമായ സഹകരണമാണ് ചെയർ പ്രതീക്ഷിക്കുന്നത്. ഇവിടെയുണ്ടായ സംഭവങ്ങളെ സംബന്ധിച്ചൊന്നും പരാമർശിക്കാൻ ചെയർ ആഗ്രഹിക്കുന്നില്ല. അത് ആവർത്തിക്കാതിരിക്കാൻ വേണ്ടിയുള്ള ശ്രദ്ധയും ആത്മസംയമനവുമുണ്ടാകണമെന്നാണ് ചെയറിന് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ ഒന്ന് രണ്ട് ക്ളാരിഫിക്കേഷൻ ആവശ്യമായിട്ടുണ്ട്. അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിക്കും. അതിനെത്തുടർന്ന് മറ്റു കാര്യങ്ങളിലേക്ക് കടക്കാമെന്നാണ് ചെയർ കരുതുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ ആന്റണി) : സർ, പത്തനംതിട്ട ജില്ലയിലുണ്ടായ സംഭവങ്ങളെക്കുറിച്ച് ഇവിടെ രാവിലെ കുറേ ചർച്ചകൾ നടന്നതാണ്. വളരെ പൈശാചികമായൊരു ലാത്തിചാർജ്ജും മർദ്ദനവുമാണ് അവിടെ നടന്നത്. അതിനു നേതൃത്വം നൽകിയ സർക്കിൾ ഇൻസ്പെക്ടറിനെ മാറ്റിനിർത്തിക്കൊണ്ട് ആ സംഭവത്തെക്കുറിച്ച് ഒരു അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയാൽ കൊള്ളാമായിരുന്നു.

മുഖ്യമന്ത്രി (ഇ.കെ. നായനാർ) : സർ, ഇപ്പോൾ അന്വേഷണം നടത്താൻ പ്രയാസമാണ്. വിഷമമാണ്. ഞങ്ങൾക്ക് ആലോചിക്കാതെ പറയാൻ പറ്റില്ല.

ശ്രീ. എ.കെ. ആന്റണി : സർ, പത്തനംതിട്ട ജില്ലയിൽ നടന്ന ക്രൂരമായ ലാത്തിചാർജ്ജിന് നേതൃത്വം കൊടുത്ത സർക്കിൾ ഇൻസ്പെക്ടറെ മാറ്റിനിർത്തുന്നതിനെക്കുറിച്ച് വ്യക്തമായ ഉറപ്പു നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകാത്തതിൽ എനിക്ക് പ്രതിഷേധവും ദു:ഖവുമുണ്ട്. പ്രതിപക്ഷത്തിനാകെതന്നെ ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധമുണ്ട്. ഇന്ന് സഭ വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്ന അവസരമാണ്. അതുകൊണ്ട് ഞങ്ങളുടെ അമർഷവും വികാരപ്രകടനവും എല്ലാമുണ്ടെങ്കിലും സഭ ഇന്നത്തെ ദിവസം മുഴുവൻ സ്തംഭനാവസ്ഥയിലേക്ക് നീങ്ങരുതെന്ന് ഞങ്ങൾക്ക് താല്പര്യമുണ്ട്. ഇതുപോലുള്ള സംഭവങ്ങളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിലയിൽ കൈകാര്യം ചെയ്യുന്നത് ഒട്ടും ശരിയല്ലായെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് അങ്ങയെ ഓർമ്മപ്പെടുത്താനുള്ളത്. തുടരെത്തുടരെ പല സംഭവങ്ങളായി., ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞു. നൂറോളം ആൾക്കാർ മാത്രമാണ് അവിടെ ആദ്യം ഉണ്ടായിരുന്നതെന്ന്. അങ്ങനെ ഒരു സംഭവത്തിൽ ഇത്രയും പൈശാചികമായ കടന്നാക്രമണം പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകാൻ എന്താണ് പോലീസിനെ പ്രേരിപ്പിച്ചത്? അതും ചില സ്ഥലങ്ങളിൽ പോലീസ് നിർവീര്യമാണ്. പോലീസ് മരവിച്ചുപോയി എന്നുള്ള ആക്ഷേപത്തിന് പരിഹാരമുണ്ടാക്കാൻ വേണ്ടി, അല്ലെങ്കിൽ ഞങ്ങൾക്ക് വീര്യം നശിച്ചിട്ടില്ല എന്ന് ബോധ്യപ്പെടുത്താൻ വേണ്ടിയുള്ള ഒരു അമിതമായ ശക്തിപ്രകടനമാണ് പത്തനംതിട്ടയിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായത്. ഞങ്ങൾക്ക് വീര്യം ശമിച്ചിട്ടില്ല. ഞങ്ങൾക്ക് തളർവാതം പിടിപെട്ടിട്ടില്ല. ഞങ്ങൾക്ക് നിർദ്ദേശം ലഭിക്കുന്ന സ്ഥലത്ത് ശക്തമായി പ്രതികരിക്കാനുള്ള കരുത്തുള്ളവരാണെന്നു തെളിയിക്കാൻ വേണ്ടിയാണ് പത്തനംതിട്ട ജില്ലയിൽ ഈ സംഭവമുണ്ടാക്കിയത്. യൂത്ത് ഫ്രണ്ടിന്റെ സംസ്ഥാന പ്രസിഡന്റ് വിക്ടർ ടി. തോമസ്. അവിടത്തെ പഞ്ചായത്തു പ്രസിഡന്റുകൂടിയാണ്. അങ്ങനെയുള്ള ഒരു ചെറുപ്പക്കാരനെ വളരെ ക്രൂരമായ നിലയിൽ മർദ്ദിച്ച ഒരു സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് എന്തിന് ഭയപ്പെടുന്നു? അദ്ദേഹം ഉൾപ്പെടെയുള്ള പല പ്രവർത്തകരെയും മർദ്ദിച്ചു. തെറ്റ് കാണിക്കുന്ന ഉദ്യോഗസ്ഥന്മാരെ ഇത്തരം സന്ദർഭങ്ങളിൽ ഗവൺമെന്റ് ശിക്ഷിക്കാൻ തയ്യാറാകുന്നു എന്ന് തോന്നിയാലല്ലേ ഇത്തരം മർദ്ദനങ്ങൾ ഉണ്ടാകാതിരിക്കുകയുള്ളൂ? അങ്ങനെയുള്ള ആളുകളെ സംരക്ഷിക്കാൻ ഗവൺമെന്റ് കാണിക്കുന്ന പിടിവാശി എന്താണ്? അതിനുവേണ്ടി ഇന്നത്തെ സഭാ സമ്മേളനം എവിടംവരെ കൊണ്ടുചെന്നെത്തിച്ചു? ഗവൺമെന്റിന്റെ സമീപനത്തിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ട്. ഇത് ആദ്യത്തെ സംഭവമല്ല. കേരള പിറവി ദിവസം നവംബർ 1-ാം തീയതി കെ.എസ്.യു പ്രവർത്തകരേയും പോലീസ് ക്രൂരമായി മർദ്ദിച്ചു. തുടർന്ന് സംയുക്ത സംഘടനകളുടെ പ്രവർത്തകന്മാരെയും തിരുവനന്തപുരത്തുവച്ച് ഡി.വൈ.എഫ്.ഐക്കാർ ക്രൂരമായി മർദ്ദിച്ചു. സമരപ്പന്തലിൽ കയറിയാണ് മർദ്ദിച്ചത്. അവിടെ പോലീസ് കാഴ്ചക്കാരായിരുന്നു. അതേ അവസരത്തിൽ കണ്ണൂരിൽ സമരം ചെയ്ത യൂത്ത് ലീഗിന്റെ പ്രവർത്തകൻമാരെ അതിക്രൂരമായി മർദ്ദിച്ചു. ചില സ്ഥലത്ത് പോലീസ് നിർവീര്യമാണ്. ഭരണപക്ഷക്കാർ ആക്രമം നടത്തുന്ന സ്ഥലങ്ങളിൽ, കൊലപാതകം നടത്തുന്ന സ്ഥലങ്ങളിൽ പോലീസ് നിർവീര്യം, പ്രതിപക്ഷപാർട്ടി പ്രവർത്തകർക്കെതിരായി മുതിർന്നവരെ മാത്രമല്ല. ചെറുപ്പക്കാർക്കെതിരായി, വിദ്യാർത്ഥികൾക്കെതിരായി പോലീസിന് വീര്യം! ഈ ഇരട്ടത്താപ്പ് ശരിയല്ല. ഈ ഇരട്ടത്താപ്പ സംസ്ഥാനത്തിന് ഭൂഷണമല്ല, ഗവൺമെന്റിന് ഭൂഷണമല്ല. ഈ സംഭവത്തെക്കുറിച്ച് ഒരന്വേഷണം നടത്തേണ്ടതാണ്. അതുപോലെ ആക്രമങ്ങൾക്ക് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥനെ സ്ഥലം മാറ്റേണ്ടതാണ്. പക്ഷെ ഇതിനൊന്നും ഗവൺമെന്റ് തയാറാകാത്ത സാഹചര്യത്തിൽ, സഭയിൽ പ്രധാനപ്പെട്ട ഒരു ബിൽ വരുന്ന ദിവസം സഭ അവസാനംവരെ സ്തംഭിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഗവൺമെന്റിന്റെ നിലപാടിലുള്ള ശക്തമായ പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തികൊണ്ട് പത്തനംതിട്ടയിലെ യു.ഡി.എഫ് എം.എൽ.എ. മാർ മാത്രം ഇന്ന് സഭ പിരിയുന്നതുവരെ നിയമസഭാ കവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ഗവൺമെന്റിന്റേയും നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും പത്തനംതിട്ട ജില്ലയിലെ യു.ഡി.എഫ്. എം.എൽ,എ മാർ നിയമസഭാ കവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുകയും ചെയ്തു. മറ്റ് എം.എൽ.എ. മാർ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.)

ശ്രദ്ധക്ഷണിക്കൽ (തുടർച്ച)

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : എൽ.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ച വ്യവസായ നയത്തെ പൊതുവേ എല്ലാവരും സ്വാഗതം ചെയ്തിരിക്കുകയാണ്. എന്നാൽ ഈ സർക്കാർ തൊഴിൽനയം പ്രഖ്യാപിച്ചിട്ടില്ലെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. പ്രഖ്യാപിക്കപ്പെട്ട വ്യവസായ നയത്തിൽ പൊതുലക്ഷ്യങ്ങളും സമീപനങ്ങളുമെന്ന് തലവാചകത്തിൽ നിർദ്ദേശിക്കപ്പെട്ട പത്താമത്തെ ലക്ഷ്യമാണ്, സർക്കാർ സ്വകാര്യമേഖലയിലും പൊതുമേഖലയിലും അടഞ്ഞുകിടക്കുന്നവയും പീഡിതവുമായ വ്യവസായങ്ങളെ പുന:സംഘടിപ്പിച്ച് കമ്പനിയുടെ ആസ്തികളും സാങ്കേതിക വൈദഗ്ദ്ധ്യവും പരമാവധി പ്രയോജനപ്പെടുത്തുമെന്ന് വ്യക്തമാക്കിയിരിക്കുന്നത്. (വ്യവസായനയം 1998-പേജ് 3). ലേ ഓഫ്, ലോക്കൗട്ട്, ക്ളോഷുർ, റിട്രെൻഞ്ച്മെന്റ് തുടങ്ങിയ നടപടികളാണ് ഒരു സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ടതെന്ന് തൊഴിൽ തർക്കനിയമത്തിൽ അനുശാസിക്കുന്നു. അപ്രകാരം നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. സാമ്പത്തിക പ്രതിസന്ധി, പണിമുടക്കം, ഉല്പന്നം കെട്ടികിടക്കൽ തുടങ്ങിയ കാരണങ്ങളാൽ ഒരു സ്ഥാപനം നടത്തികൊണ്ടുപോകാൻ കഴിയാതെ വരുന്ന സന്ദർഭങ്ങളുണ്ടാകാം. ഈ വക കാര്യങ്ങൾ ബോധ്യപ്പെടുത്തി നിയമം അനുശാസിക്കുന്നവിധത്തിൽ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകി സ്ഥാപനങ്ങൾ അടച്ചു പൂട്ടാനും നിയമം അനുവദിക്കുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ സർക്കാരിന്റെ അനുവാദം കാലേക്കൂട്ടി ലഭിക്കേണ്ടതുണ്ട്. കേരളത്തിൽ ഇപ്പോൾ അടഞ്ഞുകിടക്കുന്ന ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ തൊഴിൽതർക്ക നിയമത്തിന്റെ ഏതു വകുപ്പിൽപ്പെടുന്നുവെന്ന് വ്യക്തമല്ല. തൊഴിലാളികളുടെ കുറ്റം കൊണ്ടല്ലാതെ അടച്ചുപൂട്ടപ്പെട്ട സ്ഥാപനങ്ങളിൽ ജീവിതം കുടുങ്ങിപ്പോയ ആയിരക്കണക്കിന് തൊഴിലാളി കുടുംബങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വ്യവസ്ഥാപിത തൊഴിൽ നിയമങ്ങൾ ലംഘിച്ച് ഒരു നോട്ടീസ്പോലും നൽകാതെ ഉല്പാദനം നിർത്തിവച്ച് തൊഴിലാളികളെകൊണ്ട് പണിയെടുപ്പിക്കാതെ കാർഡ് പഞ്ചിംഗും ആറുമാസം മുതൽ രണ്ടുവർഷം വരെയുള്ള കാലയളവിനുള്ളിൽ ഒരു മാസത്തെ ശമ്പളവും നൽകി ദു:സ്സഹമായ സാഹചര്യങ്ങളിൽ കുടുങ്ങി കിടക്കുന്ന പ്രാകൃതവും വിചിത്രവുമായ നയമാണ് അടഞ്ഞുകിടക്കുന്ന ഒട്ടുമിക്ക സ്ഥാപനങ്ങളുടേയും മാനേജുമെന്റ് സ്വീകരിച്ചുവരുന്നത്. നമ്മുടെ സംസ്ഥാനത്ത് ഈവിധം ഒരു നയം സ്വീകരിക്കുന്നത് സർക്കാർ ഉടമയിലുള്ള വ്യവസായങ്ങളിലായാലും സ്വകാര്യ ഉടമയിലുള്ള വ്യവസായങ്ങളിലായാലും നിർഭാഗ്യകരമാണ്. ഇന്നത്തെ നയങ്ങളുടെ ഫലമായി പല സ്ഥാപനങ്ങളും കടുത്ത പ്രതിസന്ധിയിലകപ്പെട്ടു എന്നത് വിസ്മരിക്കുന്നില്ല. ഇതിന്റെ ഫലമായി ഒരിക്കലും തുറന്നുപ്രവർത്തിക്കാൻ കഴിയാത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാൻ ബന്ധപ്പെട്ട മാനേജുമെന്റ് തയ്യാറാകണം. മാനേജുമെന്റിന്റെ ധൂർത്ത്, കെടുകാര്യസ്ഥത, അഴിമതി, സ്വജനപക്ഷപാതം എന്നിവ കാരണം പ്രവർത്തനം തുടങ്ങാൻ കഴിയാത്ത സ്ഥാപനങ്ങൾ ഏതെല്ലാം? കാലം ചെന്ന സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

വിദ്യ, ജീർണ്ണാവസ്ഥയിലായ യന്ത്രങ്ങൾ, മൂലധനനിക്ഷേപത്തിന്റെ അഭാവം എന്നിവ തുടർച്ചയായ നഷ്ടം വരുത്തുന്ന കാരണങ്ങളാണ്. ഈ പട്ടികയിലുള്ള സ്ഥാപനങ്ങളുടെ ഭാവി നിർണ്ണയിക്കപ്പെടണം. ഉല്പാദനം നിർത്തിവയ്ക്കൽ, ചട്ടപ്പടി പണിയെടുപ്പിക്കൽ, പണിമുടക്ക് തുടങ്ങിയ തൊഴിൽ പ്രശ്നങ്ങളിൽ കുടുങ്ങികിടക്കുന്ന സ്ഥാപനങ്ങളിൽ അടഞ്ഞുകിടക്കുന്നവയെക്കുറിച്ച് പരിശോധിക്കണം. സങ്കീർണ്ണങ്ങളായ ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് കൂടിയാലോചനകളിലൂടെ പരിഹാരം കാണാൻ ശ്രമം നടത്തേണ്ടതുണ്ട്. അദ്ധ്വാന ഭാരം വർദ്ധിപ്പിക്കൽ, അധിക തൊഴിലാളികൾ സ്വയം പിരിഞ്ഞുപോകൽ, സാമ്പത്തിക ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തൽ തുടങ്ങിയ ഒട്ടേറെ വിട്ടുവീഴ്ചകളിലൂടെ ഒരു പുത്തൻ തൊഴിൽ സംസ്ക്കാരത്തിന് തൊഴിലാളികൾ സന്നദ്ധരായി കഴിഞ്ഞിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളുടെ ഭാവിയെക്കുറിച്ച് പൊതുവായ ഒരു നയം, ഒരു സമീപനം ഗവൺമെന്റിനുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ് ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, സാലിസിലേറ്റ്സ് (കഴക്കൂട്ടം), സിഡ്കെൽ ടെലിവിഷൻ ലിമിറ്റഡ്, ആസ്ട്രോൾ വാച്ച്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ദി കേരള പ്രിമോപൈപ്സ് ഫാക്ടറി, ലിമിറ്റഡ് (ചവറ), വെസ്റ്റേൺ സ്റ്റീൽസ് (കോഴിക്കോട്) , തിരുവേപ്പതി മിൽസ് (കണ്ണൂർ) ടെലിൽ (ചിങ്ങവനം) ലക്ഷ്മി സ്റ്റാർച്ച് ഫാക്ടറി, കുണ്ടറ അലിൻഡ്, ഹിന്ദുസ്ഥാൻ സിലിണ്ടർ കമ്പനി, ട്രാവൻകൂർ സൾഫേറ്റ് (തിരുവനന്തപുരം) തോഷിബാ ആനന്ദ് ബാറ്ററീസ്, പ്രീമിയർ കേബിൾസ്, പുനലൂർ പേപ്പർ മിൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് ഇങ്ങനെ ഈ പട്ടിക നീണ്ടുപോകുകയാണ്. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കേരള സോപ്സും മാവൂർ റയോൺസും മുക്കാൽഭാഗവും അടച്ചുപൂട്ടിയ മധുര കോട്ട്സും എല്ലാം നമ്മുടെ മുന്നിലുണ്ട്. അടഞ്ഞുകിടക്കുന്നതും പീഡിതവുമായ നൂറുകണക്കിന് വ്യവസായങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. യു.ഡി.എഫ് സർക്കാർ ചാരായനിരോധനം നടപ്പിലാക്കിയതിന്റെ ഫലമായി 20,000-ത്തിലേറെ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും തൊഴിൽ നഷ്ടപ്പെട്ട് ഇപ്പോൾ നരകയാതന അനുഭവിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ നൽകിയ സഹായം ഇവർക്ക് ഒരു വലിയ ആശ്വാസമായിരുന്നുവെങ്കിലും ആ തൊഴിലാളികൾ ഇന്നും പട്ടിണി കിടക്കുകയാണ്. കുറേ തൊഴിലാളികൾ ആത്മഹത്യ ചെയ്തുവെന്ന കാര്യവും നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നില്ല. നിയമപരമായി കിട്ടേണ്ടതുപോലും കിട്ടുന്നില്ല എന്നു പറയുന്നതിൽ എനിക്ക് ദു:ഖമുണ്ട്. പുനലൂർ പേപ്പർമിൽ പ്രശ്നം ഈ സഭയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട ഒന്നാണ്. ഈ സഭയിലെ മുതിർന്ന അംഗമായിരുന്ന പരിണത പ്രജ്ഞനായ തൊഴിലാളി നേതാവ് ശ്രീ. ജെ. ചിത്തരഞ്ജൻ 1988 ഏപ്രിൽ 8-ാം തീയതി അവതരിപ്പിച്ച ഒരു ഉപക്ഷേപത്തിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കട്ടെ: അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീമതി കെ.ആർ. ഗൗരിയമ്മ അതിനു മറുപടിയായി പറഞ്ഞകാര്യം ഇപ്പോഴും പ്രസക്തമാണ്. അന്ന് ശ്രീമതി. കെ.ആർ ഗൗരിയമ്മ പറഞ്ഞത് 30.4.1988-ൽ നടക്കുന്ന ചർച്ചയിലൂടെ പുനലൂർ പേപ്പർ മില്ലിന്റെ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടും, കമ്പനി തുറക്കുമെന്നാണ്, വർഷം 12 കഴിഞ്ഞിട്ടും പുനലൂർ

LIBRARY ARCHIVES Kerala Legislative Assembly

പേപ്പർ മില്ലിന്റെ കവാടം തുറന്നിട്ടില്ല. അവിടത്തെ പല തൊഴിലാളികളും ആത്മഹത്യ ചെയ്തു കഴിഞ്ഞു എന്നാണ് ബഹുമാനപ്പെട്ട പുനലൂർ എം. എൽ.എ ശ്രീ. പി.എസ്. സുപാൽ ഈ സഭയിൽ രണ്ടുതവണ ചൂണ്ടികാണിച്ച ത്. ഈ സാഹചര്യത്തിൽ ശാശ്വതമായ പ്രശ്നപരിഹാരത്തിന് സർക്കാരിന്റെ അടിയന്തിര നടപടികളുണ്ടാകണമെന്നും അതോടൊപ്പം ഇടക്കാലാശ്വാസം നൽകുന്നതിന് ആവശ്യമായ നടപടികൾകൂടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. എനിക്ക് ഒന്നുരണ്ട് നിർദ്ദേശങ്ങൾ പറയാനുണ്ട്. അടഞ്ഞു കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നത് സർക്കാ രിന്റെ ഒരു നയമായി പ്രഖ്യാപിക്കുകയും അതിന് അനുസൃതമായി സമയബ ന്ധിതമായി സ്ഥാപനങ്ങൾ തുറക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം. അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ സർക്കാർ ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധികൾ അടക്കം ഉള്ളവരുടെ ഒരു ഉന്നതല കോൺഫറൻസ് വിളിച്ചുകൂട്ടണം. അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് സമഗ്രമായ ഒരു സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കണം. തൊഴിലാളി കൾക്കർഹമായ പി.എഫ്., ഇ.എസ്.ഐ., ശമ്പളകുടിശ്ശിക, ഗ്രാറ്റുവിറ്റി തുട ങ്ങിയ ആനുകൂല്യങ്ങൾ തിട്ടപ്പെടുത്തുകയും അവ ലഭ്യമാക്കാനുള്ള നിയമനട പടികൾ ആരംഭിക്കുകയും ചെയ്യണം. ദീർഘനാളായി അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാവര ജംഗമ സ്വത്തുക്കൾ കണ്ടുകെട്ടി തൊഴിലാളിക ളുടെ ആനുകൂല്യങ്ങൾ നൽകണം. തൊഴിൽ നഷ്ടപ്പെട്ടവർക്ക് സർക്കാരിന്റെ ഇതര സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകളിൽ യോഗ്യതയുടെ അടിസ്ഥാ നത്തിൽ നിയമനം നടത്തണം. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, അടഞ്ഞുകി ടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പ്രതിമാസം ആയിരം രൂപ ദുരി താശ്വാസ അലവൻസായി അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാ ണ്. പശ്ചിമ ബംഗാൾ, തമിഴ്നാട് സർക്കാരുകൾ നടപ്പിലാക്കിയിട്ടുള്ളതു പോലുള്ള നിയമനിർമ്മാണത്തിന് കേരള സർക്കാർ മുൻകൈയെടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. തൊഴിലാളികളുടെ കുറ്റംകൊണ്ടല്ലാതെ അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പ്രതിമാസം ആശ്വാസ അലവൻസ് നൽകാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകി വരുന്നുവെന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി വ്യവസായ ബന്ധസമി തിയിൽ നൽകിയ വാഗ്ദാനം താമസംവിനാ നടപ്പിലാക്കാൻ സർക്കാർ തയ്യാ റാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ.പി. രാജേന്ദ്രൻ ഇവിടെ അവത രിപ്പിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ വിശദീകരിച്ച കമ്പനികൾ തൊഴിൽ തർക്കത്തിന്റെ പേരിൽ അടഞ്ഞുകിടക്കുന്നവയല്ല. അവ സാമ്പത്തിക പ്രശ്ന ങ്ങളുടെ പേരിൽ അടഞ്ഞുകിടക്കുന്ന ഫാക്ടറികളാണ്. തൊഴിൽതർക്ക ത്തിന്റെ പേരിൽ ഒരൊറ്റ ഫാക്ടറിപോലും ഇന്ന് കേരളത്തിൽ അടഞ്ഞുകിട ക്കുന്നില്ല. തൊഴിലാളികളുടെ കുറ്റം കൊണ്ടല്ലാതെ ഒട്ടേറെ സ്ഥാപനങ്ങൾ ഇന്ന് അടഞ്ഞുകിടക്കുന്നുണ്ട് എന്നുള്ളത് ഒരു സത്യമാണ്. കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾ 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അനുശാസിക്കുന്ന നിയമപ്രകാരം ലേ ഓഫ്, ലോക്കൗട്ട്, റിട്രെഞ്ചുമെന്റ് തുട ങ്ങിയ കാരണങ്ങളാലാണ് പൂട്ടിക്കിടക്കുന്നത്. പശ്ചിമ ബംഗാൾ, തമിഴ്നാട് സർക്കാരുകൾ നൽകിവരുന്നതുപോലെ പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ചില നിബന്ധനകൾക്ക് വിധേയമായി 1.4.2000 മുതൽ 500 രൂപ വീതം പ്രതിമാസം ആശ്വാസം നൽകുന്നതിനുള്ള ഒരു പദ്ധതിയുടെ കരട

LIBRARY ARCHIVES Kerala Legislative Assembly

രൂപം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തൊഴിൽ തർക്കംമൂലവും അല്ലാതെയും അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വ്യവസായ വകുപ്പുമന്ത്രി നേരത്തെ കോൺഫറൻസുകൾ വിളിച്ചുകൂട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ തുടരുകയാണ്. കണ്ണൂരിലെ തിരുവേപ്പതി മില്ലിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഈ മാസം 31-ാം തീയതി ഒരു കോൺഫറൻസ് വിളിച്ചിട്ടുണ്ട്. തൊഴിലാളികൾക്കർഹമായ പി.എഫ്., ഇ.എസ്.ഐ ആനുകൂല്യങ്ങൾ എന്നിവ തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പി.എഫ്. കമ്മീഷണറും ഇ.എസ്.ഐ ഡയറക്ടറും സ്വീകരിച്ചുവരുന്നുണ്ട്. മിനിമം വേജസ് ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പള കുടിശ്ശിക ആറുമാസം വരെയുള്ളത് വീണ്ടെടുത്ത് നൽകുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. 1972-ലെ ഗ്രാറ്റുവിറ്റി നിയമപ്രകാരം തൊഴിലാളികൾക്ക് ലഭിക്കാനുള്ള ഗ്രാറ്റുവിറ്റി നൽകുന്നതിനുള്ള നടപടികൾ ജില്ലാ ഓഫീസർമാർ അടിയന്തിരമായി സ്വീകരിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ തുടർന്നുവരുന്നു. ദീർഘനാളുകളായി അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ശമ്പളമിനത്തിൽ കിട്ടാനുള്ള കുടിശ്ശികതുക ഈടാക്കികൊടുക്കുന്നതിന് റവന്യൂ റിക്കവറി തുടങ്ങിയ നടപടികൾ തൊഴിൽ വകുപ്പ് ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചുവരുന്നുണ്ട്. തൊഴിൽ നഷ്ടപ്പെട്ടവർക്ക് സർക്കാരിന്റെ ഇതര സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നൽകാൻ സാധ്യമല്ല. സർക്കാർ സ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ നിലവിലുള്ള നിയമന ചട്ടങ്ങൾ പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. വർക്കേഴ്സ് കാറ്റഗറിയിലുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിവരുന്നുണ്ട്. ദീർഘനാളുകളായി അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാവരജംഗമ വസ്തുക്കൾ കണ്ടുകെട്ടി അതിൽനിന്ന് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സാധ്യതകളെക്കുറിച്ച് ഇതിന്റെ നിയമപരമായ വശങ്ങളെക്കുറിച്ചും സർക്കാർ പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, ഇവിടെ അവതരിപ്പിച്ച ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇവർക്ക് ആശ്വാസം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്ന് പറഞ്ഞു. ഈ പ്രശ്നങ്ങളെല്ലാം ഉൾപ്പെടുത്തികൊണ്ട്, ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു തൊഴിൽകാര്യ കമ്മീഷനെ കേരള സംസ്ഥാനത്ത് രൂപീകരിക്കാൻ മുൻകൈ എടുക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അത് ആലോചിച്ചിട്ട് പറയാം.

2. വ്യാജമദ്യ വില്പന തടയേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഈ സംസ്ഥാനം നേരിടുന്ന അതീവ ഗുരുതരമായ ഒരു വിഷയത്തിൽ ഗവൺമെന്റിന്റേയും എക്സൈസ് വകുപ്പുമന്ത്രിയുടേയും അടിയന്തിര ശ്രദ്ധയുണ്ടാകണമെന്ന ആവശ്യമാണ് എന്റെ ഈ ശ്രദ്ധക്ഷണിക്കൽ. കേരളത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നടക്കുന്ന വ്യാജവാറ്റും, വ്യാജമദ്യനിർമ്മാണവും അതിന്റെ വിപണനവും കേരളത്തിന്റെ സാമൂഹ്യ മന:സാക്ഷിയെതന്നെ മരവിപ്പിച്ചിരിക്കുകയാണ്. ഇതിനെതിരായി ശക്തമായ നടപടികൾ സ്വീകരിക്കേണ്ട ഗവൺമെന്റ് പിന്തിരിഞ്ഞുനിൽക്കുന്നു. അല്ലെങ്കിൽ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന നീതി നിറവേറ്റുന്ന കാര്യ

LIBRARY ARCHIVES Kerala Legislative Assembly